# വചനവിചിന്തനം - 2010 ജൂലൈ 11, ഞായർ

**ലൂക്കാ 14, 1-14**

## വിരുന്ന്

ഇത് വിരുന്നുകളുടെ കാലം. ജനനവും, പിറന്നാളും, മാമ്മോദീസയും, വിവാഹവും, വിവാഹവാർഷികങ്ങളുമൊക്കെ ആഘോഷങ്ങളാക്കാൻ വെമ്പുന്നകാലം. മരണം പോലും ആഘോഷമായി മാറുന്നുണ്ടോ എന്നൊരു സന്ദേഹമില്ലാതില്ല.

ഭക്തനായ ഒരു മനുഷ്യനുണ്ടായിരുന്നു. ദൈവത്തോട് വലിയ സ്നേഹവും അടുപ്പവുമുണ്ട്. ഒരിക്കൽ ദൈവത്തെ വീട്ടിൽ വരുത്തണമെന്നൊരാഗ്രഹം. ദൈവത്തിനൊരുവിരുന്നുകൂടി നൽകണം. നിർബന്ധത്തിനുവഴങ്ങി ദൈവം സമ്മതിച്ചു. ഭക്തൻ വലിയ ഒരുക്കങ്ങൾ നടത്തി, വിരുന്നുമായി കാത്തിരുന്നു. വീട്ടുവാതിൽക്കൽ ദൈവത്തെ കാത്തിരിക്കെ, മുഷിഞ്ഞവേഷവുമായി ഒരുയാചകൻ. ദൈവം വരുന്നതിനുമുൻപ് അയാളെ ആട്ടിപ്പായിച്ചു. ഉച്ചയാകാറായി. ദൈവം വരുന്നില്ല. വിശക്കുന്നുവെന്നപരാതിയുമായി ഒരു നാടോടിസ്ത്രീയും കുഞ്ഞും. ദൈവത്തിനൊരുക്കിവെച്ച വിശിഷ്ടവിഭവങ്ങൾ ഇവൾക്കുകൊടുക്കാനോ? അവരെയും ഒഴിവാക്കി, ഇവിടൊന്നുമില്ലെന്നുപറഞ്ഞ്. ഉച്ചതിരിഞ്ഞപ്പോൾ വഴിതെറ്റിയ ഒരു യാത്രക്കാരൻ മടുത്തവശനായി വരുന്നു. ദൈവത്തെകാത്തിരിക്കുന്നവന് മറ്റാരെനോക്കാനാണ് സമയം? അയാളെയും വിദഗ്ധമായി ഒഴിവാക്കി. അയാൾ കാത്തിരുന്നു. രാത്രിയായിട്ടും ദൈവം വന്നില്ല. നിരാശനായി പ്രാർത്ഥനാമുറിയിൽ കയറി ദൈവത്തോടു പരാതിപ്പെട്ടു. പക്ഷെ, ദൈവത്തിന്റെ മറുപടി കേട്ട് അയാൾ അന്തംവിട്ടു. പകൽ സമയം മൂന്നുനേരം വന്നെങ്കിലും മൂന്നുപ്രാവശ്യവും അയാൾ ദൈവത്തോട് അപമര്യാദയായി പെരുമാറിയത്രേ !

ഇന്നത്തെ സുവിശേഷവും പങ്കുവെയ്ക്കുന്നത് വിരുന്നിന്റെ കഥയാണ്. നമ്മൾ സാധാരണയായി ആരെ ക്ഷണിക്കും? കൂട്ടുകാർ, ബന്ധുജനങ്ങൾ, സമൂഹത്തിലെ ഉന്നതർ... ചുരുക്കത്തിൽ ഒരു മിനിമം സ്റ്റാൻഡേർഡുള്ളവരെ. പക്ഷെ, ഈശോ നൽകുന്ന മാനദണ്ഡം അത്ര ഭംഗിയുള്ള ഒന്നല്ല. തിരിച്ചു തരാനില്ലാത്തവരെ വിളിക്കണമെന്ന്. എന്നുവെച്ചാൽ മുടന്തർ, വികലാംഗർ, ദരിദ്രർ, യാചകർ... ആരിതുസഹിക്കും?

ഈശോ വിരുന്നുതേടി നടന്നവനായിരുന്നെന്ന് ഒരു പഴിയുണ്ട്. മാത്രമല്ല അവന്റെ കൂടെയിരുന്നു ഭക്ഷിച്ചവരാകട്ടെ ചുങ്കക്കാരും, വേശ്യകളും, പാപികളും... സ്റ്റാൻഡേർഡില്ലാത്തവർ. പക്ഷെ ഒന്നുണ്ട് ഈ നിലവാരമില്ലാത്തവരിൽ ദൈവത്തിന്റെ മുഖം കാണാനായി എന്നതാണ് അവന്റെ ക്രെഡിറ്റ്. നമുക്ക് പറ്റാതെ പോകുന്നതും!

വിരുന്നുകൾ വേണ്ട എന്നല്ല, നീ നടത്തുന്ന വിരുന്നുകളിൽ അവഗണിക്കപ്പെട്ടവന് - 'നിലവാര'മില്ലാത്തവന് - ഒരു പ്രമുഖസ്ഥാനം നൽകണമെന്നുമാത്രമേ അവൻ ശഠി

ക്കുന്നുള്ളൂ. ഞാൻ... എന്റെ... ഞങ്ങളുടേത്... മാത്രമായി എന്റെ വിരുന്നുമേശകൾ മാറരുതെന്ന് സാരം.

വിരുന്നുകളിൽ 'ദൈവത്തിന്റെ മുഖം' ദർശിക്കാൻ ശ്രമിച്ച ചിലരെ ഒർക്കാതിരിക്കുന്നതെങ്ങനെ? കുഞ്ഞച്ചൻ, മദർ തെരേസ, അസ്സീസി, ഡാമിയൻ... അങ്ങനെയെത്രപേർ? മത്താ. 25-ലെ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ ഓർക്കുന്നതു നന്ന്. ''ഒരുപാത്രം വെള്ളത്തിനുപോലും...''

ഒത്തിരിയൊന്നും വേണ്ട, ചില ഒഴിവാക്കലുകൾ നമുക്കു സാധിക്കാവുന്നതേയുള്ളൂ. ജെൽ പേനകൾ, തുടരെയുള്ള ആഭരണ, വസ്ത്ര സ്വന്തമാക്കലുകൾ, ടാക്സിയാത്രകൾ, വമ്പൻ ട്രീറ്റുകൾ, ഇന്റർനെറ്റ്, വമ്പൻ മൊബൈൽ സെറ്റുകൾ...

കൈത്താ = വളർച്ച. ജൂൺ മാസമഴയും വളർച്ചയ്ക്ക് നല്ലതുതന്നെ. വിരുന്നുകളിൽ ദൈവത്തിന്റെ മുഖം കാണാനായാൽ ഏറ്റവും വലിയ വിരുന്നായ വി. കുർബാനയിൽ കുറ്റബോധമില്ലാത്തവരായി നിൽക്കാൻ സാധിക്കും. അതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കുന്നു.

**റവ.ഡീക്കൻ. തോമസ് രാമച്ചനാട്ട്.**